പദ്ധതിയായ ജവഹർലാൽ നെഹ്രു അർബൻ റിന്യൂവൽ മിഷനിലുൾപ്പെടുത്തി 35 കോടി രൂപയുടെ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി ആവിഷ്കരിച്ച് കെ.എസ്.യു.ഡി.പി. മുഖേന തിരുവനന്തപുരത്ത് നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരസഭകളിൽ സ്ഥാപിക്കുന്ന ട്രീറ്റ്മെന്റ് പ്ലാന്റുകളിൽ കക്കൂസ് മാലിന്യം സംസ്കരിക്കാവുന്ന തരത്തിലാണ് പ്ലാന്റ് രൂപകല്പന ചെയ്തിട്ടുള്ളത്. കൊച്ചിയിൽ ബ്രഹ്മപുരത്ത് ദിനംപ്രതി 100 m^3 (5000 ലിറ്റർ ശേഷിയുള്ള 5 ടാങ്കറുകൾ) കക്കൂസ് മാലിന്യം സംസ്കരിക്കാനുള്ള ഇന്ത്യയിലെ ആദ്യത്തെ നൂതന പ്ലാന്റ് വിജയകരമായി പൂർത്തിയാക്കി പ്രവർത്തിച്ചു തുടങ്ങി.

മേൽ വിവരിച്ചപ്രകാരം മലിനജല സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കാൻ ഏഷ്യൻ വികസന ബാങ്കിന്റെയും കേന്ദ്ര സർക്കാരിന്റെയും ധനസഹായമാണ് ലഭ്യമാക്കിയിട്ടുള്ളത്. കൊല്ലത്തും കൊച്ചിയിലും സംസ്ഥാന സർക്കാരാണ് സംസ്കരണ പ്ലാന്റിന് പണം മുഴുവൻ ചെലവഴിക്കേണ്ടത്.

കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഭേദഗതി

93 (2726) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ ;

(ബി) ഈയടുത്തുണ്ടായ ഭൂകമ്പ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ പ്രസ്തുത ഭേദഗതി പുനഃപരിശോധിക്കാൻ തയ്യാറാകുമോ ;

(സി) കെട്ടിടത്തിന്റെ ഉയരം കൂടുന്തോറും രക്ഷാപ്രവർത്തനം ചെയ്യുന്നതിന് ആവശ്യമായ തുറസ്സായ സ്ഥലം നിർബന്ധമായി നൽകണമെന്നതരത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ തയ്യാറാകുമോ ;

(ഡി) നിലവിലുള്ള കെട്ടിടങ്ങൾക്ക് ബഹുനിലകൾ നിർമ്മിക്കുമ്പോൾ കെട്ടിടം ഉറപ്പുള്ളതാണോ എന്ന പരിശോധന നടത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ; പ്രസ്തുത സംവിധാനം തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ തൃപ്തികരമായ സംവിധാനം ഒരുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ഭേദഗതി സംബന്ധിച്ച കരട് ഭേദഗതി ചട്ടങ്ങൾ റവന്യൂ വകുപ്പ്, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവയ്ക്ക് അയച്ചുകൊടുത്ത് വിദഗ്ധാഭിപ്രായം ആരായുന്നരീതി ഇപ്പോൾത്തന്നെ നിലവിലുണ്ട്. ഭേദഗതി സംബന്ധിച്ച നിർദ്ദേശം ലഭിച്ചാൽ അക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ഉയരത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിനുചുറ്റും ഇറസ്സായ സ്ഥലം നിഷ്കർഷിക്കുന്നത് സംബന്ധിച്ച വ്യവസ്ഥയ്ക്ക് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ 2013-ലെ ഭേദഗതികളിലൂടെയും കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ 2014-ലെ ഭേദഗതികളിലൂടെയും മാറ്റം വരുത്തിയിട്ടുണ്ട്.

(ഡി&ഇ) ഹൈറൈസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഭൂകമ്പബലം (Seismic Forces) സംബന്ധമായ നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകൾകൂടി കണക്കിലെടുത്തുകൊണ്ടുള്ള സ്ട്രക്ചറൽ ഡിസൈനിന്റെയും ഡ്രോയിംഗുകളുടെയും പകർപ്പുകളും നൽകണമെന്ന് നിലവിലെ ചട്ടങ്ങൾ നിഷ്കർഷിക്കുന്നുണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം രജിസ്റ്റേർഡ് എഞ്ചിനീയറുടെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് കെട്ടിട നിർമ്മാണ അനുമതിക്കായുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുണ്ട്. കൂടാതെ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം സ്ട്രക്ചറൽ എഞ്ചിനീയറിംഗിൽ ബിരുദാനന്തര ബിരുദമുള്ള രജിസ്റ്റേർഡ് എഞ്ചിനീയറുടെയോ ഇത്തരം ബിരുദാനന്തര ബിരുദം നൽകുന്ന സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ വകുപ്പുമേധാവിയുടെയോ സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് കെട്ടിട നിർമ്മാണ അപേക്ഷയോടൊപ്പവും കംപ്ലീഷൻ സർട്ടിഫിക്കറ്റിനോടൊപ്പവും നൽകേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ മൂന്നുവർഷത്തെ പ്രവൃത്തി പരിചയമുള്ള രജിസ്റ്റേർഡ് എഞ്ചിനീയറുടെ സൂപ്പർവിഷൻ ഹൈറൈസ് കെട്ടിട നിർമ്മാണ പണികളുടെ തുടക്കംമുതൽ അവസാനം വരെ ഉണ്ടായിരിക്കണമെന്നും അത്തരം സൈറ്റ് സൂപ്പർവൈസിംഗ് പ്രൊഫഷണലിന്റെ അഭാവത്തിൽ പണികൾ നടത്തരുതെന്നും ചട്ടങ്ങൾ നിഷ്കർഷിക്കുന്നുണ്ട്. സൈറ്റ് സൂപ്പർവൈസിംഗ് പ്രൊഫഷണലിന്റെ നിയമനം, മാറ്റംവരുത്തൽ എന്നിവ യഥാസമയം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയെ അറിയിക്കുന്നതിനും വ്യവസ്ഥയുണ്ട്. സൈറ്റ് സൂപ്പർവൈസിംഗ് പ്രൊഫഷണലിന്റെ ചുമതലകളും ചട്ടങ്ങളിൽ വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരം കെട്ടിടങ്ങൾക്ക് ബഹുനിലകൾ നിർമ്മിക്കുമ്പോൾ കെട്ടിടം ഉറപ്പുള്ളതാണോ എന്ന് പരിശോധന നടത്തുന്നതിന് മതിയായ വ്യവസ്ഥകൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്.